# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2405 — 09/03/2018-ലെ മറുപടി

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ കേരള വാട്ടർ അതോറിറ്റി പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.മുരളീധരൻ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18 എന്നീ വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകി;<br><br>(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പണി പൂർത്തിയാക്കി; പണി പൂർത്തിയാക്കാത്ത ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന 25 കുടിവെള്ള പദ്ധതികൾക്ക് 1257 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ 55 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. അതിൽ 36 പാക്കേജുകൾ ടെണ്ടർ ചെയ്തു കഴിഞ്ഞു, അവയിൽ 24 പാക്കേജുകളുടെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 12 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ശേഷിക്കുന്ന 19 പാക്കേജുകളിൽ 10 പാക്കേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു, സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇവ ടെണ്ടർ ചെയ്യുന്നതാണ് .ബാക്കിയുള്ള 9 പാക്കേജുകൾ ഇലക്ട്രോ-മെക്കാനിക്കൽ അടക്കമുള്ള പ്രവർത്തികൾ ആയതിനാൽ ടെണ്ടർ ചെയ്യപ്പെട്ട മുൻ പാക്കേജുകളുടെ പുരോഗതിയ്ക്കനുസരിച്ച് ഇവയും ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതാണ്.<br><br>കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി –വിതരണശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ എന്നീ രണ്ടു പ്രവർത്തികൾ ഉടൻ തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്<br><br>KIIFB 2016-17 പദ്ധതികളുടെ വിവരങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും വിശദമായി അനുബന്ധം I –ആയി ഉൾപ്പെടുത്തിയിരിക്കുന്നു.<br>2017-2018 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്ത |

34 കുടിവെള്ള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് ഇവയിൽ 15 പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ഈ 15 പദ്ധതികൾ എല്ലാം തന്നെ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. 7 പദ്ധതികൾ അംഗീകാരത്തിനായി സർക്കാർ പരിഗണനയിലാണ്. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരികയാണ്. കൂടാതെ ബജറ്റ് 2017-18 പ്രഖ്യാപനത്തിൽ തലക്കുളത്തൂർ നാരായണൻ ചിറ കുടിവെള്ള പദ്ധതിയും ഉൾപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത പ്രദേശത്ത് ജപ്പാൻ കുടിവെള്ള പദ്ധതി നിലവിലുള്ളതിനാൽ മേൽ പദ്ധതി ചിറ സംരക്ഷണം എന്നാക്കി ഇറിഗേഷൻ വകുപ്പിന് നൽകാവുന്നതാണ് എന്നു കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. KIIFB 2017-18 പദ്ധതികളുടെ പട്ടിക അനുബന്ധം - II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| (സി) | കിഫ്ബി ഫണ്ടിൽ നിന്നും ഇതുവരെ (സി) പ്രസ്തുത കാര്യത്തിനായി ആകെ എത്ര തുക ചെലവഴിച്ചു ? | കിഫ്ബി ഫണ്ടിൽ നിന്നും ഇതുവരെ 26.85 കോടി രൂപ ചെലവഴിച്ചു കൂടാതെ 7.32 കോടി രൂപ സെന്റേജ് ചാർജായും ലഭിച്ചിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ

കിഫ്ബി 2016-17 പദ്ധതികൾ　　　　　　അനുബന്ധം - 1

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | പാക്കേജുകളുടെ എണ്ണം | പാക്കേജുകളുടെ പ്രവർത്തന പുരോഗതി |
|---|---|---|---|---|
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35.00 | 2 | പാക്കേജ്-1:- 20 എം.എൽഡി. ജലശുദ്ധീകരണശാലയുടെ സംപിന്റെ പണികൾ 40% ഡി.ഐ പൈപ്പ് മുഴുവനും സപ്ലൈ ചെയ്ത് സ്ഥാപിക്കൽ 56 % പൂർത്തിയാക്കി<br>പാക്കേജ്-2 :- തടയണ നിർമ്മാണം 30% പ്രവർത്തി പൂർത്തീകരിച്ചു |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58.00 | 4 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്.<br>രണ്ടാമത്തെ പാക്കേജിനു എഗ്രീമെന്റ് വെച്ചിട്ടുണ്ട്. പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു.<br>മൂന്നാമത്തെ പാക്കേജിനു ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.<br>ഒന്നു മുതൽ മൂന്ന് വരെയുള്ള പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് നാലാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |
| 3 | കൊല്ലം കോർപ്പറേഷൻ-രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 235.00 | 5 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>രണ്ടാമത്തെ പാക്കേജിനു എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>മൂന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഒന്നു മുതൽ മൂന്ന് വരെയുള്ള പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് നാലാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്.<br>ഒന്നു മുതൽ മൂന്ന് വരെയുള്ള പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് നാലും അഞ്ചും പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 76.00 | 4 | മൂന്നു പാകേജുകളുടെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. നാലാമത്തെ പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.40 | 3 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>രണ്ടാമത്തെ പാക്കേജിന്റെ പ്രവൃത്തി പുരോഗതിയിലാണ്. 6 കി.മീ പൈപ്പ് സപ്ളൈ ചെയ്തിട്ടുണ്ട്.<br>ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് മൂന്നാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85.00 | 3 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>രണ്ടാമത്തെ പാക്കേജിന്റെ പണികൾ ആരംഭിച്ചു. |

| | | | | |
|---|---|---|---|---|
| | | | | മൂന്നാം പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34.00 | 2 | ഒന്നാം പാക്കേജിന്റെ പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു.<br>രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 50.00 | 2 | ഒന്നും രണ്ടും പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 185.00 | 4 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.60 | 4 | ഒന്നും രണ്ടും പാക്കേജുകളുടെ പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു.<br>മൂന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>നാലാമത്തെ പാക്കേജിൻറെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ടി പാക്കേജിൻറെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 11 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | 1 | പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി – വിതരണശൃംഖല മെച്ചപ്പെടുത്തൽ, | 12.00 | 1 | പ്രവർത്തികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. |
| 13 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, | 18.00 | 1 | പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കി വരുന്നു. |
| 14 | തിരുവാലിയ്ക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം –ഘട്ടം I & II- തിരുവാലി, വണ്ടൂർ - ഒന്നാം ഭാഗം | 22.2 | 1 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 15 | നെന്മാറയ്ക്കും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം – ഘട്ടം-II | 24.5 | 2 | പാക്കേജ്-1 :- പൈപ്പുകൾ വിതരണം ചെയ്ത് സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. ഒരു ടാങ്ക് നിർമ്മിക്കാനുള്ള പി.ഡബ്യൂ.ഡി സ്ഥലം ലഭ്യമാക്കേണ്ടതായിട്ടുണ്ട്<br>പാക്കേജ്-2 :- പൈപ്പുകൾ വിതരണം ചെയ്തു സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12.00 | 1 | പണികൾ പുരോഗമിച്ചു വരുന്നു |
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ | 16.5 | 1 | ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 8 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ പാക്കേജ്-1 | 41.4 | 2 | ഒന്നാമത്തെ പാക്കേജിന്റെ പ്രവർത്തികൾ ആരംഭിച്ച കഴിഞ്ഞു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 19 | ചീക്കോട് കുടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26.00 | 2 | പാക്കേജ്-1 -പ്രവൃത്തി പുരോഗതിയിലാണ്. പാക്കേജ്-2- പ്രവൃത്തി പുരോഗതിയിലാണ്. ടാങ്കിൻറെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൈപ്പ് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| 20 | കല്ലുവാതു ക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27.00 | 5 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഒന്നും രണ്ടും പാക്കേജുകളുടെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. പാക്കേജ് മൂന്നിന്റെ പ്രവർത്തി കരാർ വിളിക്കുന്നതിന് സാങ്കേതികാനുമതിയും എസ്റ്റിമേറ്റ് അനുമതിയും ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. പാക്കേജ് നാലിന്റെ കരാർ ക്ഷണിച്ചു പാക്കേജ് അഞ്ചിന് ഇറിഗേഷൻ വകുപ്പിൽ നിന്നും സാങ്കേതിക അനുമതിയും എസ്റ്റിമേറ്റ് അനുമതിയും ലഭിക്കേണ്ടതുണ്ട്. |
| 21 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി – ഘട്ടം -1 | 10.00 | 1 | പൈപ്പുകൾ വിതരണം ചെയ്ത് സ്ഥാപിച്ചു വരുന്നു. |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 22.00 | 1 | പ്രവർത്തി പുരോഗമിച്ചു വരുന്നു. |
| 23 | താനൂർ മുനിസിപ്പാലിറ്റിയും സമീപ 4 പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഘട്ടം -I | 100.00 | 3 | ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. രണ്ടാമത്തെ പാക്കേജിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് മൂന്നാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ

| കിഫ്ബി 2017-18 പദ്ധതികൾ - | | അനുബന്ധം-2 |
|---|---|---|
| | തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ | |
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
| 1 | പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം ,തലവൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി – രണ്ടാം ഘട്ടം | 60.61 |
| 2 | ചാഴൂർ, അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 31 |
| 3 | കോടശ്ശേരി പരിയാരം ,ആതിരപ്പള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 55 |
| 4 | നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതി | 66 |
| 5 | എടയൂർ- ഇരിമ്പിളിയം – വളാഞ്ചേരി കുടിവെള്ള പദ്ധതി | 75 |
| 6 | അയ്യപ്പൻകോവിൽ ജലവിതരണ പദ്ധതി | 47.5 |
| 7 | തിരുവനന്തപുരം നെയ്യാർ ഡാം ഇതര ഉറവിടമാക്കിയുള്ള ജലവിതരണ പദ്ധതി | 203.89 |
| 8 | മുദാക്കൽ പഞ്ചായത്തിലെ ജലവിതരണ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ | 11.58 |
| 9 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 86 |
| 10 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 18.28 |
| 11 | അതിയന്നൂർ, കോട്ടുകൽ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി | 25 |
| 12 | രാമൻചാടി- അലിഗർ കുടിവെള്ള പദ്ധതി | 90 |
| 13 | കരുമാല്ലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 36.5 |
| 14 | ഇടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം | 53.40 |
| 15 | തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | 80.14 |
| **ആകെ** | | **939.9** |

മേൽ പദ്ധതികൾ എല്ലാം തന്നെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

| സർക്കാരിൽ പരിഗണനയിലുള്ള പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
| 1 | എലവഞ്ചേരി- പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി | 20 |
| 2 | കരിമ്പ, കോങ്ങാട് പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 27-3 |
| 3 | ഫറൂക്ക് കരുവൻതുരുത്തി കുടിവെള്ള പദ്ധതി | 14 |
| 4 | വണ്ടാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി- കണ്ണമ്പ്ര പഞ്ചായത്തുകളിലലേക്കുള്ളസമഗ്ര ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം | 75 |
| 5 | കണ്ണൂർ ജില്ലയിലെ പേരാവൂരിലേക്കും സമീപ പഞ്ചായത്തുകളിലെക്കുമുള്ള ജലവിതരണ പദ്ധതി | 71.2 |
| 6 | പായം, അച്ചൻകുന്ന് പഞ്ചായത്തുകളിലെക്കുള്ള കുടിവെള്ള പദ്ധതി | |
| 7 | അങ്കമാലി കുടിവെള്ള വിതരണ പദ്ധതിയുടെ ദീർഘിപ്പിക്കൽ | 116 |
| 8 | മലമ്പുഴയിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള കുടിവെള്ള പദ്ധതി | 75 |
| ആകെ | | **398.5** |

നമ്പർ 5,6 എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് സർക്കാരിൽ സമർപ്പിച്ചിരിക്കുന്നത്.

| കേരള വാട്ടർ അതോറിറ്റി സമർപ്പിക്കാൻ തയാറാക്കി വരുന്ന പദ്ധതികൾ | |
|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
| 1 | കിഴക്കൻ മല ജലവിതരണ പദ്ധതി |
| 2 | ചാത്തന്നൂർ ജലവിതരണ പദ്ധതി |
| 3 | പുറമറ്റം , കല്ലുപ്പാറ , കോയിപ്പുറം, എഴുമറ്റൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി |
| 4 | തോട്ടപ്പുഴശ്ശേരി, കോയിപ്പുറം, ഇരവിപേരൂർ പഞ്ചായത്തുകലേക്കുള്ള കുടിവെള്ള പദ്ധതി |
| 5 | കുട്ടനാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം |
| 6 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി |
| 7 | കരിമ്പുകയം കുടിവെള്ള പദ്ധതി |
| 8 | ആലാ-പുലിയൂർ, ബുധനൂർ,പാണ്ടനാട് പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി |
| 9 | മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതി |
| 10 | എ.ആർ.നഗർ പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി |

Renuka Sankar
സെക്ഷൻ ഓഫീസർ